നം. D1-5551/2020

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 27.07.2020
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

## സർക്കുലർ

വിഷയം: വനിത ശിശു വികസന വകുപ്പ് – വിവിധ കാര്യാലയങ്ങളിലെ കരാർ വാഹനത്തിന്റെ കരാർ കാലയളവ് വർദ്ധപ്പിച്ച് നൽകുന്നത് - സംബന്ധിച്ച്

സൂചന:
1. വനിത ശിശു വികസന ഡയറക്ടറുടെ 27.03.2020ലെ സർക്കുലർ നം. E5-6001/2020/WCD
2. വനിത ശിശു വികസന ഡയറക്ടറുടെ 25.05.2020ലെ WCD/D1/5551/20 നം സർക്കുലർ

സൂചന (1) സർക്കുലർ പ്രകാരം വനിത ശിശു വികസന വകുപ്പിലെ വിവിധ കാര്യാലയങ്ങളിൽ 2019-20 വർഷം കരാർ വ്യവസ്ഥയിൽ എടുത്തിട്ടുള്ള വാഹനങ്ങളുടെ കരാർ കാലാവധി 31.05.2020 വരെയും സൂചന (2) പ്രകാരം 31.07.2020 വരെയും ദീർഘിപ്പിച്ച് നൽകിയിരുന്നു.

കോവിഡ്-19 പകർച്ചവ്യാധി ഗുരുതരമായി തുടരുന്നത് ഓഫീസുകളുടെ ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതും വകുപ്പിനുകീഴിലുള്ള ഓഫീസുകളിൽ ഇ-വെഹിക്കിളുകൾ ഉപയോഗപ്പെടുത്തണമെന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും അന്തിമതീരുമാനം ഉണ്ടാകുന്നതിൽ കാലതാമസം നേരിടുന്ന സാഹചര്യത്തിലും വിവിധ കീഴ് കാര്യാലയ മേധാവികൾ 2019-20 വർഷം കരാർ വ്യവസ്ഥയിൽ എടുത്തിട്ടുള്ള വാഹനങ്ങൾ നിലവിലെ കരാർ വ്യവസ്ഥ പ്രകാരം 31.08.2020 വരെ ഉപയോഗിക്കുന്നതിന് കരാർ കാലാവധി ദീർഘിപ്പിച്ച് അനുമതി നൽകുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ വാഹനങ്ങളുടെ കരാർ വ്യവസ്ഥകൾ ഉൾപ്പെടുത്തി തുടർ ഉത്തരവുകൾ പിന്നാലെ പുറപ്പെടുവിക്കുന്നതാണ്.

വനിതാ ശിശുവികസന ഡയറക്ടർ

1. എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും
2. സ്റ്റോക്ക് ഫയൽ, സ്പെയർ

SK/20